# പതിനാലാം കേരള നിയമസഭ
# (പതിമൂന്നാം സമ്മേളനം)

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:256 — 10.12.2018-ൽ മറുപടിയ്ക്ക്

## തീരദേശത്തിന്റെ സമഗ്ര വികസനത്തിനായുള്ള പദ്ധതികൾ

ചോദ്യം

ശ്രീ.എം. രാജഗോപാലൻ
ശ്രീ.കെ.വി.അബ്ദുൾ ഖാദർ
ശ്രീ. എ.എം. ആരിഫ്
ശ്രീ. കെ.ജെ. മാക്സി

മറുപടി

ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ
(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി):

എ) തീരദേശത്തിന്റെ സമഗ്ര വികസനത്തിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; ഇതിനായി കിഫ്ബി വഴി നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്; തീരദേശ വികസന കോർപ്പറേഷന്റെ പ്രവർത്തനം അറിയിക്കാമോ;

എ) സംസ്ഥാനത്തെ തീരദേശ മേഖലയുടെ സമഗ്രമായ അടിസ്ഥാന സൗകര്യ വികസനം, മത്സ്യവിതരണ വിപണനരംഗത്തെ ആധുനികവൽക്കരണം, മത്സ്യത്തൊഴിലാളികളുടെ ഉന്നമനം എന്നിവ ലക്ഷ്യമാക്കിയുള്ള വിവിധ പദ്ധതികൾ, സമഗ്ര തീരദേശ വികസന പദ്ധതി, സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി, നബാർഡിന്റെ ഗ്രാമീണ അടിസ്ഥാനസൗകര്യ വികസന പദ്ധതി, മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാനസൗകര്യ വികസനവും മാനവശേഷി വികസനവും പദ്ധതി, മാതൃകാ മത്സ്യഗ്രാമം പദ്ധതി, ആധുനിക മത്സ്യ മാർക്കറ്റുകളുടെ നിർമ്മാണം, കടൽസുരക്ഷാ പദ്ധതി, ആഴക്കടൽ മത്സ്യബന്ധന പദ്ധതി, കൃത്രിമപാര് സ്ഥാപിക്കൽ, മൂല്യവർദ്ധിത മത്സ്യഉല്പന്ന നിർമ്മാണം തുടങ്ങിയ വിവിധ പദ്ധതികൾ ഫിഷറീസ് വകുപ്പും അനുബന്ധ സ്ഥാപനങ്ങളും നടത്തിവരുന്നു.

തീരദേശത്തിന്റെ സമഗ്ര വികസനത്തിനായി കിഫ്ബി വഴി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതും

തത്വത്തിൽ അംഗീകാരം നൽകിയതുമായ പദ്ധതികൾ ചുവടെ ചേർക്കുന്നു.

| പദ്ധതി/അവസ്ഥ | പദ്ധതി തുക (കോടി) |
|---|---|
| പരപ്പനങ്ങാടി മത്സ്യബന്ധന തുറമുഖ ത്തിന്റെ മാതൃകാ പഠനം പൂർത്തീകരിച്ചിട്ടുണ്ട്. തുടർ നടപടികൾ എസ്.പി.വി മുഖാന്തിരം സ്വീകരിച്ചു വരുന്നു. | 133.10 |
| ചെത്തി മത്സ്യബന്ധന തുറമുഖ ത്തിന്റെ മാതൃകാ പഠനം പൂർത്തീകരിച്ചിട്ടുണ്ട്. തുടർ നടപടികൾ എസ്.പി.വി മുഖാന്തിരം സ്വീകരിച്ചു വരുന്നു. | 111.00 |
| മുതലപ്പൊഴി, കായംകുളം, തോട്ടപ്പള്ളി, ചേറ്റുവ, തലായ്, മഞ്ചേശ്വരം എന്നി വിടങ്ങളിലെ തീര സംരക്ഷണ പ്രവൃത്തി കളുടെ പദ്ധതി രൂപരേഖക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. | 51.715 |
| കേരളത്തിലെ തീരപ്രദേശങ്ങളിലുള്ള തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളുടെ നവീകരണ പദ്ധതി | 294.72 |
| സംസ്ഥാനത്തെ മത്സ്യ മാർക്കറ്റുകളുടെ നവീകരണ പദ്ധതി | 193.46 |

ഇതിനു പുറമെ കൊല്ലം-താന്നി ഷോർ പ്രൊട്ടക്ഷൻ വർക്ക്, പൂന്തുറ-വലിയതുറ ഷോർ പ്രൊട്ടക്ഷൻ വർക്ക്, ഗ്രോയ്ൻസ് ആന്റ് ബ്രേക്ക് വാട്ടർ നിർമ്മാണം, (6 പദ്ധതികൾ), ചെത്തി ഫിഷിംഗ് ഹാർബർ എന്നിവയും കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

സംസ്ഥാനത്തെ തീരദേശ മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് രൂപീകരിച്ച തീരദേശ വികസന കോർപ്പറേഷൻ തീരദേശ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ഊന്നൽ നൽകിയുള്ള പദ്ധതികളാണ് നടപ്പാക്കുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതിയായ ബ്ലൂറവല്യൂഷനിലും എൻ.എഫ്.ഡി.ബി. ധനസഹായ ത്തോടെയും മാർക്കറ്റുകളുടെ നവീകരണം,

സംസ്ഥാന പദ്ധതി വിഹിതം പ്രയോജനപ്പെടുത്തി തീരദേശത്തെ സ്കൂൾ, ആശുപത്രി എന്നിവയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ, ആഴക്കടൽ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുന്നതിനുളള പദ്ധതികൾ, മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുളള മത്സ്യസങ്കേതങ്ങളും, കൃത്രിമപ്പാരും സ്ഥാപിക്കൽ പദ്ധതി, മൂല്യവർദ്ധിത മത്സ്യ ഉല്പന്നങ്ങൾ ഉല്പ്പാദിപ്പിച്ച് വിതരണം ചെയ്യുന്ന പദ്ധതികൾ, ഉൾനാടൻ മേഖലയിൽ ഹാച്ചറികളുടെയും ഫാമുകളുടെയും നവീകരണ പ്രവർത്തനങ്ങൾ എന്നിവയും നബാർഡ് ധന സഹായത്തോടെയുള്ള ആർ.ഐ.ഡി.എഫ്. പദ്ധതികളും നടപ്പാക്കി വരുന്നു. കിഫ്ബി വഴി പദ്ധതികൾ തയ്യാറാക്കി നടപ്പാക്കുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയും തീരദേശ വികസന കോർപ്പറേഷനെ അംഗീകരിച്ചിട്ടുണ്ട്. ഇതിനെല്ലാം പുറമേ വിവിധ വകുപ്പുകളുടെയും ഏജൻസികളുടേയും നിർമ്മാണ പ്രവർത്തനങ്ങളുടെ പി.എം.സി. യായും തീരദേശ വികന കോർപ്പറേഷൻ പ്രവർത്തിച്ചു വരുന്നു.

| | |
|---|---|
| ബി) തീരദേശത്തെ റോഡുകളുടെ നിലവാരം ഉയർത്തുന്നതിനായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചെയ്തുവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | ബി) തീരദേശത്തെ റോഡുകൾ, ഉൾനാടൻ മത്സ്യബന്ധന കേന്ദ്രങ്ങൾ, വിപണന കേന്ദ്രങ്ങൾ എന്നിവിടങ്ങളിലേയ്ക്കുള്ള റോഡുകൾ എന്നിവയുടെ നിലവാരം ഉയർത്തുന്ന പ്രവൃത്തികൾ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഏറ്റെടുത്ത് നടത്തിവരുന്നു. |
| സി) പരപ്പനങ്ങാടി, പൊഴിയൂർ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ പുതുതായി മത്സ്യബന്ധനതുറമുഖം നിർമ്മിക്കുന്നതിനും മറ്റ സ്ഥലങ്ങളിൽ നിലവിലുള്ളവ നവീകരിക്കുന്നതിനും ഉള്ള പ്രവർത്തനം അറിയിക്കാമോ; | സി) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെ എസ്.പി.വി. ആയി തീരുമാനിച്ച് പരപ്പനങ്ങാടി ഫിഷിംഗ് ഹാർബർ കൺസപ്റ്റ് റിപ്പോർട്ടിന് അംഗീകാരം നൽകിയിട്ടുണ്ട്. ഫിഷിംഗ് ഹാർബറിന് സ്ഥാനം നിർണ്ണയിച്ചും ഉത്തരവായിട്ടുണ്ട്. |

സി.ആർ.ഇസഡ് ക്ലിയറൻസിനായി എൻ.സി.ഇ.എസ്.എസ്-ന് ജി.എസ്.ടി ഉൾപ്പെടെ 1,18,000/- രൂപ നൽകിയിട്ടുണ്ട്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ എൻ.ഒ.സി. ലഭിക്കാൻ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എസ്.പി.വി. ആയ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനും കിഫ്ബിയും ഗവൺമെന്റുമായുള്ള Tripartite agreement കിഫ്ബിയിൽ നൽകിയിട്ടുണ്ട്. അനുവദനീയമായ 20% സെന്റേജ് ചാർജ്ജ് ആയ 66,25,700/- രൂപ അനുവദിച്ചിട്ടുണ്ട്. ഡി.പി.ആർ. കിഫ്ബി സൈറ്റിൽ അപ്‌ലോഡ് ചെയ്തിരുന്നു. 14.11.2018-ലെ പദ്ധതിയുടെ അപ്രൈസൽ റിപ്പോർട്ട് പ്രകാരം ആവശ്യപ്പെട്ട അധിക വിവരങ്ങൾ തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

പൊഴിയൂരിൽ മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നതിന് 63.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഇതിൻ പ്രകാരം ഒരു വർഷമായി നീണ്ടുനിൽക്കുന്ന പഠന ഗവേഷണ പ്രവർത്തനങ്ങളായ ബീച്ച് ക്രോസ് സെക്ഷൻ, ഷോർലൈൻ സർവ്വെ, പ്രീമൺസൂൺ-മൺസൂൺ -പോസ്റ്റ് മൺസൂൺ വേവ് ഡാറ്റാ എന്നിവ എടുത്തിട്ടുണ്ട്. ടോപ്പോഗ്രാഫിക് സർവ്വെയും പൂർത്തീകരിച്ചിട്ടുണ്ട്. പൊഴിയൂരിൽ മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി തുറമുഖ എഞ്ചിനീയറിംഗ് വകുപ്പ് തന്നെ പ്രാഥമിക മോഡൽ സ്റ്റഡി നടത്തുന്നതാണ്. ഇപ്രകാരം ലഭിക്കുന്ന ടെൻഡേറ്റീവ് ലേഔട്ട് തുടർ പരിശോധനയ്ക്കും വിദഗ്ദ്ധ ഉപദേശത്തിനുമായി പൂനെ, CWPRS ന് നൽകുന്നതാണ്. മാതൃകാപഠനം പൂർത്തി

| | |
|---|---|
| | യാക്കിയ ശേഷം EIA സ്റ്റഡി കൂടി നടത്തേണ്ടതുണ്ട്. EIA ക്ലിയറൻസ് ലഭിച്ച ശേഷം പദ്ധതി രൂപരേഖ തയ്യാറാക്കുന്നതാണ്. |
| ഡി) വികസന പദ്ധതികൾ മത്സ്യത്തൊഴിലാളികളെ ദോഷകരമായി ബാധിക്കാതിരിക്കുന്നതിനും സുസ്ഥിര മത്സ്യബന്ധന രീതികൾ വ്യാപകമാക്കുന്നതിനും നടത്തി വരുന്ന പ്രവർത്തനം എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | ഡി) മത്സ്യബന്ധന കേന്ദ്രങ്ങൾ, മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങൾ തുടങ്ങിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമ്പോൾ വിശദമായ ഇ.ഐ.എ സ്റ്റഡി നടത്തി സുസ്ഥിര മത്സ്യബന്ധനത്തിനും തീരത്തിനും ഏറ്റവും അനുയോജ്യമായ മാതൃകയാണ് അംഗീകരിക്കുന്നത്. സുസ്ഥിര മത്സ്യബന്ധന രീതികൾ വ്യാപകമാക്കുന്നതിനും അവ വ്യാപിപ്പിക്കുന്നതിനും ആവശ്യമായ ബോധവൽക്കരണം നടത്തുകയും നിലവിലുള്ള കെ.എം.എഫ്.ആർ (KMFR) നിയമത്തിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ട്. ഇതിനായി മത്സ്യത്തൊഴിലാളി പങ്കാളിത്തം ഉറപ്പാക്കാൻ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ വില്ലേജ്, ജില്ലാ, സംസ്ഥാന തലങ്ങളിൽ രൂപീകരിക്കുന്നതിന് നടപടി എടുത്തു കഴിഞ്ഞു. |

**സെക്ഷൻ ആഫീസർ**